ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ഭൗതിക ജീവിതത്തോടുള്ള വിശ്വാസിയുടെ നിലപാട്

عَنْ أَبِي سَعِيدٍ الْخُدْرِيِّ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِنَّ الدُّنْيَا حُلْوَةٌ خَضِرَةٌ وَإِنَّ اللَّهَ مُسْتَخْلِفُكُمْ فِيهَا فَيَنْظُرُ كَيْفَ تَعْمَلُونَ فَاتَّقُوا الدُّنْيَا وَاتَّقُوا النِّسَاءَ (مسلم)

**നിശ്ചയം, ദുൻയാവ് മധുരിക്കുന്നതും പച്ച പിടിച്ചതുമാണ്. അല്ലാഹു നിങ്ങളെ അതിൽ പ്രതിനിധികളായി നിശ്ചയിച്ചിരിക്കുന്നു. എന്നിട്ട് നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അവൻ നിരീക്ഷിക്കുന്നു. അതിനാൽ ദുൻയാവിനെയും സ്ത്രീകളെയും സൂക്ഷിക്കുക.**

പ്രപഞ്ചനാഥനായ അല്ലാഹു മനുഷ്യജീവിതത്തിന് ആവശ്യമായതെല്ലാം ഈ ദുൻയാവിൽ ഒരുക്കിവെച്ചിട്ടുണ്ട്. വായു, വെള്ളം, വെളിച്ചം, ഊർജം തുടങ്ങി പൊതുവിഭവങ്ങൾ മാത്രമല്ല, വ്യക്തികൾക്കും സമൂഹത്തിനും സ്വന്തമാക്കിവെക്കാൻ സാധിക്കുന്ന ഘടനയും സ്വഭാവവും നിശ്ചയിക്കപ്പെട്ടവയും ഉണ്ട്. സമ്പാദിക്കാനും സ്വന്തമാക്കാനുമുള്ള അഭിനിവേശവും മനുഷ്യനിൽ അന്തർലീനമാണ്. ഈ പ്രവണത ഒരതിര് വരെ ഭൗതിക വളർച്ചക്ക് അനിവാര്യവുമാണ്. അതിര് വിട്ടാൽ വൻ വിപത്തും. ഏതാണ് ഈ അതിര്? അതിര് നിർണയിക്കാനുള്ള അടിസ്ഥാന മാനദണ്ഡമേത്? മൗലികവും സുപ്രധാനവുമായ ഇക്കാര്യം കുറഞ്ഞ വാക്കുകളിലൊതുക്കി, എന്നാൽ സുവ്യക്തമായി പഠിപ്പിക്കുകയാണ് ഈ നബിവചനം. അല്ലാഹുവിനും അവന്റെ ദൂതന്നും മാത്രം സാധിക്കുന്ന സവിശേഷ ശൈലിയാണിത്. എത്ര നുകർന്നാലും മതിവരാത്ത, ആസ്വദിക്കുന്നിടത്തോളം ആർത്തി കൂടിവരുന്ന സ്വഭാവമാണ് ദുൻയാവിന്റേതെന്ന് നബിവചനം തുടക്കത്തിലേ വ്യക്തമാക്കുന്നുണ്ട്. മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വര തന്നെയങ്ങ് കിട്ടിയാലും മതിവരാതെ രണ്ടാമത്തേതും കിട്ടിയെങ്കിലെന്നവൻ ആഗ്രഹിക്കുന്ന അടങ്ങാത്ത ദുരയാണ് മനുഷ്യന്റേതെന്ന വചനം കൂടി ഇതോട് ചേർത്തു വായിച്ചാൽ ചിത്രം പൂർത്തിയാകും.

അത്യന്തം അപകടകരമായ ഈ അത്യാർത്തിയെ തടഞ്ഞുനിർത്തി ശരിയായ ദിശയിലേക്ക് തിരിച്ചുവിടാൻ എങ്ങനെ കഴിയും? ലോകം ഒന്നടങ്കം ഇതിന് ഉത്തരം കാണാനാകാതെ സ്തബ്ധരായി നിൽക്കുമ്പോൾ ഒറ്റവാക്കിൽ ഉത്തരം നൽകുകയാണ് ഈ നബിവചനം: നിങ്ങൾ ആർത്തിപൂണ്ട് സ്വന്തമാക്കാൻ അന്യോന്യം പിടിവലി കൂടുന്ന ഈ ദുൻയാവും അതിലെ വിഭവങ്ങളും ആരുടേത്? ആരാണതിന്റെ ഉടമസ്ഥൻ? അതിന്നുത്തരമാണ് വചനത്തിലെ ഒരൊറ്റ സമഗ്രവചനം 'അല്ലാഹു നിങ്ങളെ ദുൻയാവിലെ പ്രതിനിധിയാക്കി നിശ്ചയിച്ചിരിക്കുന്നു.' അതെ, ഉടമസ്ഥൻ സ്രഷ്ടാവായ അല്ലാഹു തന്നെ. അതാർക്കും വിട്ടുകൊടുത്തിട്ടില്ല. മനുഷ്യൻ അല്ലാഹു നിശ്ചയിച്ച പ്രതിനിധി മാത്രം. സ്രഷ്ടാവായ ഉടമസ്ഥന്റെ നിർദേശങ്ങൾക്കൊത്ത്, അവൻ നൽകിയ പ്രാതിനിധ്യ വ്യവസ്ഥക്കും നിയമാവലിക്കും വിധേയമായി മാത്രം ദുൻയാവിനെയും അതിലെ വിഭവങ്ങളെയും സമീപിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാം.

ഈ പ്രാതിനിധ്യ വ്യവസ്ഥ അംഗീകരിക്കുന്നതോടെ ദുൻയാവിനോടും അതിലെ വിഭവങ്ങളോടുമുള്ള ആർത്തിയും അമിതാസക്തിയും പമ്പകടക്കും.

'തുടർന്ന് നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അല്ലാഹു നോക്കുന്നു' എന്ന നബിവചനത്തിലെ ഭാഗം വിശ്വാസിയെ ഏറെ ഭക്തനും സമ്പത്തിനോട് ഒരു നിലക്ക് വിരക്തിയുള്ളവനുമാക്കി മാറ്റുന്നു. സമ്പത്ത് അല്ലാഹു നിങ്ങളുടെ ജീവിത നിലനിൽപിന്നാധാരമാക്കിയിരിക്കുന്നു എന്ന ഖുർആൻ വചനം വിശ്വാസിക്ക് സമനില വരുത്തുന്നു. 'നിങ്ങളുടെ ദേഹം കൊണ്ടും ധനം കൊണ്ടും ദൈവമാർഗത്തിൽ സമരം നടത്തൂ' എന്ന ഖുർആൻ വചനം സത്യദീനിന്റെ വളർച്ചക്ക് സമ്പത്തിനെ ഉപയോഗപ്പെടുത്താൻ വിശ്വാസിയെ പ്രേരിപ്പിക്കുന്നു.

ഒരു നിമിഷത്തെ അശ്രദ്ധ സത്യവിശ്വാസിയെ ഭൗതിക പൂജയുടെ അഗാധഗർത്തത്തിലേക്ക് തള്ളിവിട്ടേക്കാം; എല്ലാം നഷ്ടപ്പെട്ട ഖാറൂനിനെപ്പോലെ. അതാണ് നബിവചനത്തിലെ അവസാന ഭാഗം നൽകുന്ന താക്കീത്: 'അതിനാൽ ദുൻയാവിനെ സൂക്ഷിക്കൂ.' സ്ത്രീയും അതുപോലെത്തന്നെ. 'അതിനാൽ ഭൗതിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, അല്ലാഹുവിന്റെ കാര്യത്തിൽ കടുത്ത വഞ്ചകനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ' (ഖുർആൻ, *ലുഖ്മാൻ* അധ്യായം). ●